**കേരള സർക്കാർ**

*സംഗ്രഹം*

തദ്ദേശ സ്വയംഭരണ വകുപ്പ് - 'നഗരജ്യോതി' പദ്ധതി - മലപ്പുറം, ആറ്റിങ്ങൽ നഗരസഭകളിലും, കൊച്ചി കോർപ്പറേഷനിലും പദ്ധതി നടപ്പിലാക്കുന്നതിനായി Detailed Project Report (DPR) തയ്യാറാക്കാനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

**സ.ഉ (സാധ) നമ്പർ 2727 /2014/തസ്വഭവ** **തീയതി, തിരുവനന്തപുരം 21.10.2014**

പരാമർശം:- 1. 06/03/2014ലെ സ.ഉ (സാധ) 685/14/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. നഗരകാര്യ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന 2/8/2014ലെ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.
3. 17/9/14ലെ A1-115/2014/ KSUDP നമ്പർ, KSUDP പ്രോജക്ട് ഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

നഗരസഭകളിലെ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്ന 'നഗരജ്യോതി' പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ടും, ടി പദ്ധതിയുടെ ടേംസ് & കണ്ടിഷൻസ് രൂപപ്പെടുത്തുന്നതിനും പ്രോജക്ട് റിപ്പോർട്ടിന്റെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമുള്ള കമ്മിറ്റി രൂപീകരിച്ചു കൊണ്ടും പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി.

പരാമർശം (2) ലെ യോഗനടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ മലപ്പുറം, ആറ്റിങ്ങൽ നഗരസഭകളിലും കൊച്ചി കോർപ്പറേഷനിലും 'നഗരജ്യോതി' പദ്ധതി നടപ്പാക്കുന്നതിനായി Detailed Project Report (DPR) തയ്യാറാക്കുന്നതിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുവെന്നും, ടി അപേക്ഷകളിൽ ഏറ്റവും കുറഞ്ഞ തുകയായ 7.91 ലക്ഷം രൂപ ക്വാട്ട് ചെയ്ത Darashaw & Co. Pvt. Ltd., Chennai, എന്ന സ്ഥാപനത്തിന് DPR തയ്യാറാക്കാനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം KSUDP പ്രോജക്ട് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, താഴെപ്പറയുന്ന കാര്യങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുകയും ചെയ്യുന്നു.

1. മലപ്പുറം, ആറ്റിങ്ങൽ നഗരസഭകളിലും കൊച്ചി കോർപ്പറേഷനിലും നഗരജ്യോതി പദ്ധതി നടപ്പാക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനായി, ലഭിച്ച അപേക്ഷകളിൽ ഏറ്റവും കുറഞ്ഞ തുകയായ 7.91 ലക്ഷം (ഏഴ് ലക്ഷത്തിതൊണ്ണൂറ്റി ഒന്നായിരം രൂപ) ക്വാട്ട് ചെയ്ത Darashaw & Co. Pvt. Ltd., Chennai, എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്താവുന്നതാണ്.

2. ഇതിനാവശ്യമായ തുക, Quality Project Report തയ്യാറാക്കുന്നതിന് (2014-15) JnNURM പദ്ധതിയിൽ നിന്നും KSUDPക്ക് അനുവദിച്ച തുകയിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

3. Darashaw & Co. Pvt. Ltd., Chennai, എന്ന സ്ഥാപനവുമായി കരാർ ഒപ്പു വയ്ക്കുന്നതിന്, KSUDP പ്രോജക്ട് ഡയറക്ടറെ അധികാരപ്പെടുത്താവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**എ പി എം മുഹമ്മദ് ഹനീഷ്**

*ഗവൺമെന്റ് സെക്രട്ടറി*

അഡിഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
അഡിഷണൽ ചീഫ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
സെക്രട്ടറി (നഗരകാര്യം), തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, KSUDP, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A), കേരളം, തിരുവനന്തപുരം.
ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് /വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

പകർപ്പ്:- നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ